# ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE: 29.09.2024

## പ്രധാനവാർത്തകൾ

1. ഭാരതം ഉൽപ്പാദനത്തിൻറെ ശക്തികേന്ദ്രമായി മാറിയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. മേക്ക് ഇൻ ഇന്ത്യ പദ്ധതിയുടെ വിജയത്തിൽ രാജ്യത്തെ വൻകിട വ്യവസായങ്ങൾ മുതൽ ചെറുകിട കച്ചവടക്കാർ വരെയുള്ളവരുടെ സംഭാവനയുണ്ടെന്നും മൻകി ബാത്തിൽ പ്രധാനമന്ത്രി.
2. സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന 'മാലിന്യമുക്ത നവകേരളത്തിനായി ജനകീയ ക്യാമ്പയിൻറെ' ഉദ്ഘാടനം ഗാന്ധിജയന്തി ദിനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും.
3. സി പി ആർ പരിശീലനം എല്ലാവർക്കും നൽകുക എന്ന ലക്ഷ്യത്തോടെ ആരോഗ്യവകുപ്പ് ഈ വർഷം കർമ്മ പദ്ധതി നടപ്പാക്കുമെന്ന് മന്ത്രി വീണാ ജോർജ്ജ്.
4. സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. 9 ജില്ലകളിൽ മഞ്ഞ ജാഗ്രത. മത്സ്യബന്ധനത്തിന് വിലക്ക്.
5. ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ്, നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും. ഗുവഹാത്തിയിലാണ് മത്സരം.

*****************************************************************************************

RNU TVPM

## മൻ കി ബാത്ത്

ഭാരതം ഉൽപ്പാദനത്തിന്റെ ശക്തികേന്ദ്രമായി മാറിയിരിക്കുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിന്റെ നൂറ്റിപ്പതിനാലാം പതിപ്പിലൂടെ ജനങ്ങളോട് സംവദിക്കുകയായിരുന്നു അദ്ദേഹം. മേക്ക് ഇൻ ഇന്ത്യ പദ്ധതിയുടെ വിജയത്തിൽ രാജ്യത്തെ വൻകിട വ്യവസായങ്ങൾ മുതൽ ചെറുകിട കച്ചവടക്കാർ വരെയുള്ളവരുടെ സംഭാവനയുണ്ട്.പാവപ്പെട്ടവർക്കും ഇടത്തരക്കാർക്കും സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും പദ്ധതിയിൽ നിന്ന് ധാരാളം നേട്ടങ്ങൾ ലഭിച്ചു. ശ്രോതാക്കളാണ് 'മൻ കീ ബാത്ത്" പരിപാടിയുടെ യഥാർത്ഥ ശില്പികളെന്നും സമൂഹത്തിൽ കൂട്ടായ്മയിലൂടെ ചെയ്യപ്പെടുന്ന നല്ല പ്രവർത്തികൾ പരിപാടിയിൽ ആദരിക്കപ്പെടുന്നുവെന്നും പ്രധാനമന്ത്രി പറഞ്ഞു.

**(ഹോൾഡ് വോയിസ്.........)**

സ്വച്ഛ് ഭാരത് പരിപാടി ഒരു ദശകം പിന്നിട്ടതായി ചൂണ്ടിക്കാട്ടിയ ശ്രീ. മോദി, ഇരുപത്തി മൂവായിരത്തിലധികം കസേരകൾ നന്നാക്കി വീണ്ടും ഉപയോഗയോഗ്യമാക്കിയ കോഴിക്കോട്ടെ സുബ്രഹ്മണ്യന്റെയും, മാഹി കടൽത്തീരത്ത് ഉൾപ്പെടെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്ന രമ്യയുടെയും വിശേഷങ്ങൾ മൻ കി ബാത്തിൽ പങ്കുവച്ചു. മാറുന്ന കാലത്ത് തൊഴിലുകളുടെ സ്വഭാവം മാറുകയും പുതിയ മേഖലകൾ ഉയർന്നുവരുകയും ചെയ്യുന്നതായി പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

*******************************************************************************

PNU TVPM

## മാലിന്യമുക്തം നവകേരളം

സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന 'മാലിന്യമുക്ത നവകേരളത്തിനായി ജനകീയ ക്യാമ്പയിന്റെ' സംസ്ഥാനതല ഉദ്ഘാടനം ഒക്ടോബർ രണ്ടിന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. കൊല്ലം കൊട്ടാരക്കരയിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി കെ എൻ ബാലഗോപാൽ അദ്ധ്യക്ഷനാകും. കൊട്ടാരക്കര വികസന പദ്ധതിയുടെ ഭാഗമായ പുലമൺ തോട് പുനരുജ്ജീവന പ്രഖ്യാപനവും ചടങ്ങിൽ മുഖ്യമന്ത്രി നിർവഹിക്കും. ഒക്ടോബർ രണ്ടിന് ആരംഭിച്ച് 2025 മാർച്ച് 30ന് അന്താരാഷ്ട്ര ശൂന്യ മാലിന്യ ദിനത്തിൽ സമ്പൂർണ മാലിന്യമുക്ത കേരളം സാധ്യമാക്കാൻ കഴിയും വിധമാണ് ക്യാമ്പയിൻ ആസൂത്രണം ചെയ്തിട്ടുള്ളത്.

****************************************************************************************

RAJU TVPM

## സൂപ്പർകപ്പാസിറ്റർ ഉൽപ്പാദന കേന്ദ്രം

ഇന്ത്യയിലെ ആദ്യത്തെ സൂപ്പർകപ്പാസിറ്റർ ഉൽപ്പാദന കേന്ദ്രം കണ്ണൂർ കല്ല്യാശ്ശേരിയിൽ സജ്ജമാകുന്നു. ഒന്നാം ഘട്ടത്തിൻറെ ഉദ്ഘാടനം മറ്റന്നാൾ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. പ്രതിദിനം 2000 സൂപ്പർ കപ്പാസിറ്ററുകൾ ഉൽപാദിപ്പിക്കാൻ ശേഷിയുള്ള സംവിധാനമാണ് കെൽട്രോണിൽ സജ്ജമായിട്ടുള്ളത്. ഐ.എസ്.ആർ.ഒ.യുടെ സാങ്കേതിക സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

****************************************************************************************

## ഹൃദയദിനം

ഇന്ന് ലോക ഹൃദയദിനം. സി.പി.ആർ സംബന്ധിച്ച പരിശീലനം എല്ലാവർക്കും നൽകുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന ആരോഗ്യ വകുപ്പ് ഈ വർഷം കർമ്മപദ്ധതി നടപ്പാക്കുമെന്ന് ഹൃദയദിന സന്ദേശത്തിൽ മന്ത്രി വീണ ജോർജ് പറഞ്ഞു. ഇടുക്കി

ജില്ലയിൽ കൂടി കാത്ത് ലാബ് സ്ഥാപിക്കുന്നതോടെ എല്ലാ ജില്ലകളിലും കാത്ത് ലാബുള്ള സംസ്ഥാനമായി കേരളം മാറും.

******************************************************************************

**<u>നവരാത്രി എഴുന്നള്ളത്ത്</u>**

തിരുവനന്തപുരം കോട്ടയ്ക്കകത്തെ നവരാത്രി പൂജയ്ക്കായി കന്യാകുമാരി ജില്ലയിലെ പദ്മനാഭപുരം കൊട്ടാരത്തിൽ നിന്നുള്ള നവരാത്രി വിഗ്രഹ എഴുന്നള്ളത്ത് മറ്റന്നാൾ ആരംഭിക്കും. ഘോഷയാത്രയ്ക്കായി ശുചീന്ദ്രം ക്ഷേത്രത്തിൽ നിന്നുള്ള മുന്നൂറ്റിനങ്ക വിഗ്രഹത്തെ നാളെ രാവിലെ പദ്മനാഭപുരത്തേക്ക് എഴുന്നള്ളിക്കും. ഒക്ടോബർ മൂന്നിന് വൈകിട്ട് ഘോഷയാത്ര തിരുവനന്തപുരത്തും. പദ്മനാഭപുരം കൊട്ടാരത്തിലെ ഉപ്പരിക്കമാളികയിൽ മറ്റന്നാൾ രാവിലെ നടക്കുന്ന ഉടവാൾ കൈമാറ്റ ചടങ്ങിൽ മന്ത്രിമാരായ വി.എൻ.വാസവൻ, രാമചന്ദ്രൻ കടന്നപ്പള്ളി തുടങ്ങിയവർ പങ്കെടുക്കും. തുടർന്ന് കൊട്ടാരവളപ്പിലെ തേവാരക്കെട്ട് സരസ്വതിദേവി, വേളിമല കുമാരസ്വാമി, ശുചീന്ദ്രം മുന്നൂറ്റിനങ്ക ദേവവിഗ്രഹങ്ങളുമായി തിരുവനന്തപുരത്തേക്ക് ഘോഷയാത്ര ആരംഭിക്കും.

PRD TVPM

******************************************************************************

**<u>പി വി അൻവറിനെതിരെ കേസ്</u>**

പൊലീസിന്റെ ഫോൺ ചോർത്തിയെന്ന പരാതിയിൽ കോട്ടയം കറുകച്ചാൽ പൊലീസ് സ്റ്റേഷനിൽ പി വി അൻവർ എം എൽ എയ്ക്കെതിരേ കേസ് രജിസ്റ്റർ ചെയ്തു. കോട്ടയം നെടുംകുന്നം സ്വദേശിയുടെ പരാതിയിലാണ് കേസ്. പ്രത്യേക അന്വേഷണ സംഘത്തിന് കേസ് കൈമാറുമെന്ന് പൊലീസ് അറിയിച്ചു.

******************************************************************************

**<u>പി വി അൻവർ-യോഗം</u>**

ഫോൺ ചോർത്തിയിട്ടില്ലെന്നും കോൾ റെക്കോർഡ് ചെയ്യുക മാത്രമാണ് ചെയ്തതെന്നും പി വി അൻവർ എം എൽ എ. കേസുകൾ ഇനിയും വരുമെന്നും അറസ്റ്റും ഉണ്ടായേക്കുമെന്നും പറഞ്ഞ ശ്രീ പി വി അൻവർ താൻ പാർട്ടിയെ വെല്ലുവിളിച്ചിട്ടില്ലെന്നും അവകാശപ്പെട്ടു. അതേസമയം, പി വി അൻവർ വിളിച്ചു ചേർത്ത രാഷ്ട്രീയ വിശദീകരണ യോഗം നിലമ്പൂർ ചന്തക്കുന്നിൽ അൽപ സമയത്തിനകം നടക്കും

*******************************************************************************

**<u>ബ്രേക്ക്</u>**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

*******************************************************************************

PNU TVPM

**<u>നെഹ്റു ട്രോഫി കേസെടുത്തു</u>**

ആലപ്പുഴ പുന്നമടക്കായലിൽ ഇന്നലെ നെഹ്റു ട്രോഫി വള്ളംകളിക്ക് ശേഷം ഉണ്ടായ സംഘർഷവുമായി ബന്ധപ്പെട്ട് 100 പേർക്കെതിരെ പോലീസ് കേസെടുത്തു.മത്സരഫലവുമായി ബന്ധപ്പെട്ട തർക്കമാണ് സംഘർഷത്തിൽ കലാശിച്ചത്.ആലപ്പുഴ നോർത്ത് പോലീസാണ് കേസെടുത്തത്.സംഭവസ്ഥലത്ത് നിന്നു തന്നെ നാല് പേരെ പോലീസ് കസ്റ്റഡിയിൽ എടുത്തിരുന്നു.

*******************************************************************************

**<u>ശബരിമല -ഇടുക്കി</u>**

ശബരിമല മണ്ഡല - മകരവിളക്ക് മഹോത്സവ ക്രമീകരണം സംബന്ധിച്ച അവലോകന യോഗം ഇടുക്കി കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്നു. വിവിധ വകുപ്പുകളുടെ

നേതൃത്വത്തിലുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് യോഗത്തിൽ തീരുമാനമായി.

**വിശദാംശങ്ങളുമായി ആകാശവാണി**
**ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.........**
**(വോയിസ്......)**

*****************************************************************************************

**<u>ഐ എസ് എൽ</u>**

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ്, നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും. രാത്രി ഏഴ് മുപ്പതിന് ഗുവഹാത്തിയിലാണ് മത്സരം.

RNU TVPM

*****************************************************************************************

**<u>കാൺപൂർ ടെസ്റ്റ്- ക്രിക്കറ്റ്</u>**

ഇന്ത്യ - ബംഗ്ലാദേശ് രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്നത്തെ കളിയും ഉപേക്ഷിച്ചു. മൈതാനത്തെ നനവ് കാരണമാണ് മത്സരം ആരംഭിക്കാൻ കഴിയാതിരുന്നത്. രണ്ടാം ദിവസമായ ഇന്നലെയും കളി ഉപേക്ഷിച്ചിരുന്നു. കാൺപൂരിൽ നടക്കുന്ന മത്സരത്തിൽ, ഒന്നാം ഇന്നിങ്സിൽ ആദ്യം ബാറ്റിംഗിംഗ് തുടങ്ങിയ ബംഗ്ലാദേശ്, ആദ്യ ദിനം കളി അവസാനിക്കുമ്പോൾ മൂന്നു വിക്കറ്റ് നഷ്ടത്തിൽ 107 റൺസ് എന്ന നിലയിൽ ആയിരുന്നു.

*****************************************************************************************

**<u>മഴ</u>**

സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, കോട്ടയം, എറണാകുളം,കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ് . ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും നിർദേശമുണ്ട്.

*******************************************************************************

**<u>അമീബിക് മസ്തിഷ്ക ജ്വരം</u>**

തിരുവനന്തപുരം ജില്ലയിൽ മൂന്നു പേർക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചു. തിരുമല, മുള്ളുവിള, തിരുവല്ലം സ്വദേശികളായ സ്ത്രീകൾക്കാണ് രോഗം സ്ഥിരീകരിച്ചത്.ഇതിൽ തിരുമല, മുള്ളുവിള സ്വദേശിനികൾക്ക് ഇന്നലെയും തിരുവല്ലം സ്വദേശിനിക്ക് ഇന്നുമാണ് രോഗം സ്ഥിരീകരിച്ചത്.മൂന്നു പേരും തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. കഴിഞ്ഞ ദിവസം നാവായിക്കുളം സ്വദേശിയായ പ്ലസ് ടു വിദ്യാർത്ഥിയ്ക്കും രോഗം സ്ഥിരീകരിച്ചിരുന്നു.ഇതോടെ തിരുവനന്തപുരം ജില്ലയിൽ ഒരാഴ്ചയ്ക്കിടെ അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചവരുടെ എണ്ണം നാലായി.

RNU TVPM

*******************************************************************************

**കീ ടു എൻട്രൻസ്**

പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷകൾക്കുള്ള മികച്ച പരിശീലനം ലഭ്യമാക്കാൻ കൈറ്റ് ആവിഷ്കരിച്ച 'കീ ടു എൻട്രൻസ്' പദ്ധതിക്ക് തുടക്കമായി. നാളെ രാത്രി 7.30 മുതൽ കൈറ്റ് വിക്ടേഴ്സിൽ ക്ലാസുകൾ സംപ്രേഷണം ചെയ്തു തുടങ്ങും. പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ വെബ് പോർട്ടൽ മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു.

********************************************************************************

**കരിപ്പൂർ**

കരിപ്പൂർ വിമാനത്താവളത്തിന്റെ റെസ വികസനവുമായി ബന്ധപ്പെട്ട് മന്ത്രി വി. അബ്ദുറഹിമാന്റെ നേതൃത്വത്തിൽ യോഗം വിളിച്ചു ചേർക്കും. റെസ വികസനത്തിനായി സംസ്ഥാന സർക്കാർ ആവശ്യമായ സ്ഥലം ഏറ്റെടുത്ത് എയർപോർട്ട് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനാണ് കേന്ദ്രമന്ത്രിയുടെ നിർദ്ദേശ പ്രകാരം ഉന്നതതല യോഗം വിളിച്ചു ചേർക്കുന്നത്.

RNUTVPM

********************************************************************************

**പുഷ്പൻ- സംസ്കാരം**

അന്തരിച്ച സി പി ഐ എം പ്രവർത്തകൻ പുഷ്പന്റെ സംസ്കാരം ചൊക്ലി മേനപ്രത്തെ വീട്ടുപരിസരത്ത് നടന്നു. തലശ്ശേരി ടൗൺഹാളിൽ പൊതുദർശനത്തിന് വച്ച മൃതദേഹത്തിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി, നിയമസഭാ സ്പീക്കർ എ എൻ ഷംസീർ എന്നിവർ ഉൾപ്പെടെ നിരവധി പേർ അന്തിമോപചാരം അർപ്പിച്ചു. 1994 ലെ കൂത്തുപറമ്പ് വെടിവെപ്പിൽ പരിക്കേറ്റ് കിടപ്പിലായ പുഷ്പൻ ഇന്നലെയാണ് അന്തരിച്ചത്. പുഷ്പന്റെ നിര്യാണത്തിൽ അനുശോചിച്ച് കൂത്തുപറമ്പ്, തലശ്ശേരി അസംബ്ലി മണ്ഡലങ്ങളിലും മാഹിയിലും ഇന്ന് ഹർത്താൽ ആചരിച്ചു.

********************************************************************************

********************************************************************************

********************************************************************************